**Uncorrected/Not for publication**

**ചരമോപചാരം**

**<u>സി.ഒ. പൗലോസിന്റെ നിര്യാണം</u>**

മുൻ രാജ്യസഭാംഗം സി.ഒ. പൗലോസ് 2013 മാർച്ച് 12-ന് അന്തരിച്ചു.

തൃശ്ശൂർ ജില്ലയിൽ കയ്പമംഗലം ചാലിശ്ശേരി ഔസേപ്പിന്റെയും മറിയയുടെയും മകനായി സി.ഒ. പൗലോസ് ജനിച്ചു. കയ്പമംഗലം പ്രൈമറി സ്കൂളിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച സി.ഒ. പൗലോസ് ജോലി ഉപേക്ഷിച്ച് 1960-ൽ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി. 1970-ൽ സി.ഐ.ടി.യു-വിന്റെ തൃശ്ശൂർ ജില്ലാ ജോയിന്റ് സെക്രട്ടറിയായി. പിന്നീട് അതിന്റെ കേന്ദ്ര വർക്കിംഗ് കമ്മിറ്റി അംഗമായി. നാട്ടിക, കൊടുങ്ങല്ലൂർ മേഖലകളിൽ ചെത്തുതൊഴിലാളി യൂണിയൻ രൂപീകരിക്കുന്നതിലും തൊഴിലാളികളെ സംഘടിപ്പിക്കുന്നതിലും മുഖ്യമായ പങ്ക് വഹിച്ചു. 1998 മുതൽ 2003 വരെ സി.പി.ഐ(എം) പ്രതിനിധിയായി രാജ്യസഭയിൽ അംഗമായി.

ഔഷധി ചെയർമാൻ, തൃശ്ശൂർ ജില്ലാ കൗൺസിൽ പ്രസിഡന്റ്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് തുടങ്ങിയ പദവികൾ വഹിച്ചിട്ടുള്ള സി.ഒ പൗലോസ് ചെത്തുതൊഴിലാളി യൂണിയൻ, ട്രിച്ചൂർ കോട്ടൺ മിൽ ലേബർ യൂണിയൻ, കേരള ബസ് ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയൻ എന്നിവയുടെ ഭാരവാഹിയായും സി.പി.ഐ(എം) ജില്ലാ സെക്രട്ടേറിയറ്റ് അംഗം, സംസ്ഥാന കമ്മിറ്റി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

നിലവിൽ ടെക്സ്റ്റൈൽ ഫെഡറേഷന്റെയും ആഭരണനിർമ്മാണത്തൊഴിലാളി യൂണിയന്റെയും സംസ്ഥാന പ്രസിഡന്റായിരുന്നു.

സി.ഒ. പൗലോസിന്റെ നിര്യാണത്തോടെ സൗമ്യനായ ഒരു പൊതു പ്രവർത്തകനേയും മികച്ച സംഘാടകനേയുമാണ് നമുക്ക് നഷ്ടമായിരിക്കുന്ന ത്. ആ വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴു ന്നേറ്റു നിൽക്കാം.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴു ന്നേറ്റുനിന്ന് മൗനമാചരിച്ചു.)

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 15-ാം ചട്ടത്തിന്റെ 7-ാം ഉപചട്ട പ്രകാരം ഗവർണ്ണറുടെ മറുപടി**

I thank the 13th Kerala Legislative Assembly for the motion of thanks adopted by 7th session on my address to the Assembly on 1st February 2013.